File No.LSGD-EPB3/383/2015-LSGD

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയായിരുന്ന ശ്രീ. സി.ആർ. മോഹനൻ, അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. നാരായണൻ നായർ വി.എൻ. എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.152/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 18/01/2020**

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 27.11.2014-ലെ ഇ11(എസ് സി 10/14/WYD)8100/2014 നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 23.02.2015-ലെ 15415/ഡി1/2014/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 15.04.2016-ലെ 383/ഇപിബി3/2015/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീ. സി.ആർ. മോഹനൻ, ശ്രീ. നാരായണൻ നായർ വി.എൻ. എന്നിവർ സമർപ്പിച്ച 26.07.2016-ലെ പ്രതിവാദ പത്രികകൾ

5 പഞ്ചായത്ത് ഡയറക്ടറുടെ ഡി1-17230/2016 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്തിൽ വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീ. മാണി, എന്നവർ പ്ലാനിൽ നിന്നും വ്യതിചലിച്ച് അനധികൃത കെട്ടിട നിർമ്മാണം നടത്തി എന്ന് കണ്ടെത്തുകയും, തുടർന്ന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച ടി അനധികൃത കെട്ടിടത്തിന്, കെട്ടിട നമ്പർ അനുവദിച്ചു നൽകിയ സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. സി.ആർ. മോഹനൻ, അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. നാരായണൻ നായർ വി.എൻ എന്നിവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാളുകൾക്കെതിരെ പരാമർശം (3) പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീ. സി.ആർ. മോഹനൻ, ശ്രീ. നാരായണൻ നായർ വി.എൻ എന്നിവർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകളിന്മേൽ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

26.02.2013-ലെ എ-478/12-13 എന്ന നമ്പരായി ശ്രീ. മാണി, എന്നവർക്ക് കെട്ടിട നിർമ്മാണാനുമതി നൽകിയിരുന്നുവെന്നും പ്രസ്തുത പെർമിറ്റ് പുതുക്കി ലഭിക്കുന്നതിനു വേണ്ടിയുള്ള അപേക്ഷ 23.10.2013-ന്

സമർപ്പിക്കുകയും എന്നാൽ ഈ അപേക്ഷയോടൊപ്പം അവശ്യം ഉള്ളടക്കം ചെയ്യേണ്ടതായിട്ടുള്ള രേഖകൾ, ആധാരത്തിന്റെ പകർപ്പ്, നികുതി രശീത്, കൈവശ സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ലഭ്യമല്ലായെന്നും രണ്ടു നിലകളുള്ള കെട്ടിടത്തിനാണ് ആദ്യം നിർമ്മാണാനുമതി നൽകിയത് എങ്കിലും ഇത് 3 നിലകളായി വർദ്ധിപ്പിക്കുന്നതിനായാണ് വീണ്ടും അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും ഇപ്രകാരം പെർമിറ്റ് അനുവദിച്ചിട്ടുണ്ടെന്നും, ഇരുനില കെട്ടിടത്തിനുള്ള അനുമതി 3 നിലകളിലേയ്ക്ക് മാറ്റി നൽകുമ്പോൾ കെട്ടിട നിർമ്മാണ ചട്ടം 2011 ചട്ടം 47 അനുസരിച്ച് പ്ലാനിൽ അഗ്നി സുരക്ഷാ ഗോവണി ഉൾപ്പെടുത്തിയതായി കാണുന്നില്ലായെന്നും നിലവിൽ കെട്ടിടം 2 നില പൂർത്തീകരിച്ച് നമ്പർ നൽകിയിട്ടുള്ളതാണെന്നും കംപ്ലീഷൻ പ്ലാൻ പരിശോധിച്ചതിൽ കെട്ടിട ഉടമയും ലൈസൻസിയും ഒപ്പ് വച്ച് കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചിട്ടുള്ളതായും ആയത് ക്ലാർക്ക് ശ്രീ. സന്തോഷ് മോൻ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിലും ഇതിൽ ടിയാൻ ഒപ്പ് വച്ചിട്ടില്ലായെന്നും സെക്രട്ടറി, ജൂനിയർ സൂപ്രണ്ട് എന്നിവർ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളതായും, സ്ഥലത്ത് നേരിട്ടെത്തി പരിശോധന നടത്തിയെന്നും കെട്ടിട നിർമ്മാണം കെ.പി.ബി.ആർ.ന് വിധേയമായിട്ടാണെന്ന് ബോധ്യപ്പെട്ടുവെന്നുമാണ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത് എന്നും കംപ്ലീഷൻ പ്ലാൻ അംഗീകരിച്ച് ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകിയതായി കാണുന്നില്ലായെന്നും മുനിസിപ്പൽ സെക്രട്ടറിയുടെ 22.03.2016-ലെ ഉത്തരവ് പ്രകാരം ഈ കെട്ടിടത്തിന്റെ നമ്പർ റദ്ദ് ചെയ്തിട്ടുള്ളതായും കാണുന്നു. തുടർന്ന് ടി കെട്ടിട നിർമ്മാണത്തിലെ ചട്ടലംഘനങ്ങൾ സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ചീഫ് ടൗൺ പ്ലാനറോട് അഭ്യർത്ഥിക്കുകയും ചീഫ് ടൗൺ പ്ലാനർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ സാങ്കേതികമായി ഗുരുതര ചട്ടലംഘനങ്ങൾ നടന്നിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ കെട്ടിട നമ്പറുകൾ നൽകുന്നതിനു മുമ്പായി പ്രത്യേകിച്ചും വാണിജ്യാവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങൾക്ക് നമ്പറുകൾ നൽകുന്നതിന് മുമ്പായി സാങ്കേതിക വിഭാഗം ജീവനക്കാരുടെ സ്ഥലപരിശോധനാ റിപ്പോർട്ട് നിർബന്ധമായും വാങ്ങേണ്ടതുണ്ട് എന്ന നിർദ്ദേശം നൽകിയിരുന്നുവെങ്കിലും എൻ.എച്ച്. 766-നോട് ചേർത്ത് നിർമ്മിച്ചിട്ടുള്ളതും 526.44 ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണ പെർമിറ്റ് ഗ്രാമപഞ്ചായത്തിൽ നിന്നും തന്നെ അനുവദിച്ചിരുന്ന സാഹചര്യത്തിലും ടി കെട്ടിടത്തിന് കെട്ടിട നമ്പർ ലഭിക്കുന്നതിനായി 16.12.2013-ന് ലഭിച്ച അപേക്ഷയിന്മേൽ സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് 19.09.2013-ന് മാത്രം ജോലിയിൽ പ്രവേശിച്ച 3 മാസം മാത്രം സേവന പരിചയമുള്ള ക്ലാർക്കിനെ ചുമതലപ്പെടുത്തിയതിലും ടിയാന്റെ മാത്രം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിട നമ്പർ അനുവദിച്ചതിലും ടി ഫയൽ കൈകാര്യം ചെയ്ത സെക്ഷൻ ക്ലാർക്ക് മുതൽ സെക്രട്ടറി വരെയുള്ളവരുടെ ഭാഗത്തുനിന്നും വീഴ്ചയും ക്രമക്കേടും സംഭവിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സാങ്കേതിക വിഭാഗം ജീവനക്കാരെ ഒഴിവാക്കി സെക്ഷൻ ക്ലാർക്കിനെ സ്ഥലപരിശോധനക്ക് നിയോഗിച്ചത് പഞ്ചായത്ത് സെക്രട്ടറിയുടെ നേരിട്ടുള്ള നിർദ്ദേശപ്രകാരമായിരുന്നു എന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീ. സന്തോഷ് മോൻ പഞ്ചായത്ത് വകുപ്പിൽ നിന്ന് വിട്ടുതൽ ചെയ്ത മറ്റൊരു വകുപ്പിൽ സേവനത്തിൽ പ്രവേശിച്ചതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സെക്രട്ടറിയായിരുന്ന ശ്രീ. സി.ആർ. മോഹനൻ 31.05.2017-ന സേവനത്തിൽ നിന്നും വിരമിച്ചതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. സി.ആർ. മോഹനനെതിരെ ലഘു ശിക്ഷയ്ക്കുള്ള അച്ചടക്ക നടപടിയാണ് ആരംഭിച്ചത് എന്നതിനാൽ ടിയാൻ സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ ശ്രീ. സി.ആർ. മോഹനനെതിരായ അച്ചടക്ക നടപടി തുടർനടപടികളിൽ നിന്നും ഒഴിവാക്കിയും അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. നാരായണൻ നായർ വി.എൻ.നെതിരെ ആരംഭിച്ച അച്ചടക്ക നടപടി ലഘു ശിക്ഷയായ സെൻഷർ നൽകിയും അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. സി.ആർ. മോഹനൻ, മുൻ സെക്രട്ടറി, സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. ശ്രീ. നാരായണൻ നായർ വി.എൻ, അസിസ്റ്റന്റ് സെക്രട്ടറി, സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്
7. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
8. വിജിലൻസ് വകുപ്പ്

   (യു.ഒ റിമാർക്സ് നം.വിജി.ഡി1/757/2019/വിജി. തീയതി 23.11.2019പ്രകാരം)
9. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/383/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ